# ‘അ’ എന്ന വേട്ടക്കാരൻ

സക്കറിയ



‘അ’ എന്ന വേട്ടക്കാരൻ
Zacharia
(Malayalam: Short story)

© 2020, Paul Zacharia

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were created from LaTeX files auto-generated from XML sources in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: a sketch by C. P. Sunilkumar.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org


# ‘അ’ എന്ന വേട്ടക്കാരൻ



തിളങ്ങുന്ന തന്റെ തോക്ക് തോളിൽ തൂക്കി ഒരു ദിവസം ‘അ’ എന്ന മനുഷ്യൻ ആ കൊടുമുടിത്തടങ്ങളിലെ വനഭംഗിയിൽ വന്നെത്തി. വേട്ടയായിരുന്നു അയാളുടെ ആനന്ദം. കൊടുമുടിത്തലപ്പുകളിൽ മേഘങ്ങൾ കെട്ടിപ്പിടിച്ചു കിടന്നു. കടൽ പോലെ കാറ്റിരമ്പി. മലഞ്ചെരിവുകളിലെ പാറക്കെട്ടുകളിൽ കാട്ടാറുകൾ മേഘങ്ങൾ പുതച്ചു മേഞ്ഞു. ഇലകളിൽ കാറ്റിന്റെ നിശ്വാസം. പാറിപ്പോവുന്ന മഞ്ഞിൽ നീന്തുന്ന കാട്.



താഴ്വരയിൽനിന്ന് അയാൾ ചുറ്റും നോക്കവേ കാടിൻെറ ഗുഹകളിൽനിന്നും നിഗൂഢാവാസങ്ങളിൽ നിന്നും മലയെപ്പൊതിഞ്ഞ മരച്ചായകളിൽനിന്നും കാറ്റിലതിവേഗം നിലം തൊടാതുരുളുന്ന ഇലകളെപ്പോലെ ആകാംക്ഷ പൂണ്ട പാദങ്ങൾ ചലിച്ചു. മുകളിൽ നിന്ന് അദൃശ്യമായി പരന്നൊലിക്കുന്ന ഒരു ജലപാതമായി കുളമ്പുകളും ചിറകുകളും നിശ്ശബ്ദ ശക്തനഗ്നപാദങ്ങളും നീങ്ങി. കാടിന്റെ ആയിരം ഒളിവാതിലുകളിൽ രഹസ്യമൃഗനേത്രങ്ങളുടെ നിർന്നിമേഷത. ശിഖരത്തിലും പൊന്തയിലും പടർപ്പിലും കാത്തിരിപ്പ്.




ഈ അദൃശ്യ നേത്രങ്ങൾ തന്നെ സ്പർശിക്കുന്നതറിഞ്ഞുകൊണ്ട് അയാൾ ആ താഴ്വരയിൽ നിന്നു. അയാളുടെ തോക്ക് പോക്കുവെയിലിൽ ഗൂഢമായി മന്ദഹസിച്ചു. കാഞ്ചിയമർത്തുന്ന വിരൽ സ്വപ്നത്തിലെന്ന പോലെ ചലിച്ചു. തന്റെ ആസന്നമായ പരാജയത്തിന്റെ ഒരു സൂചനയും അയാൾക്കുണ്ടായിരുന്നില്ല.

അവരിൽനിന്ന് ആദ്യം ഒരു ചെറിയ പക്ഷിയാണ് പുറപ്പെട്ടത്. ചിറകു മുളച്ച ഒരു പന്തിനെപ്പോലെ ആകാശത്ത് താണുമുയർന്നും പറന്നു വന്ന് അത് അയാളുടെ തോളിലിരുന്നു. ഒരു കൊച്ചു വെള്ളത്തുവൽക്കെട്ടിന്മേൽ നോട്ടങ്ങൾ നിറഞ്ഞ വലിയ കണ്ണുകളും ചുവന്ന ചുണ്ടും.




തന്റെ നില ഭദ്രമാക്കാനയാൾക്ക് കഴിയും മുമ്പ് ഓരോരുത്തരായി കാടിന്റെ വാതിലുകൾ തുറന്ന് അവർ വന്നു. അവർ അയാളെ മണത്തു നോക്കി. നഖങ്ങളുറയിട്ട മൃദുകൈത്തലങ്ങൾ കൊണ്ടു തൊട്ടു. അരമുള്ള നാവുകൊണ്ടു നക്കി. രോമാവൃതമായ ശരീരങ്ങൾ അയാളുടെ മേലുരുമ്മി. ചുണ്ടുകൾ കൊണ്ടും ചിറകുകൾ കൊണ്ടും രോമാഞ്ചപ്പെടുത്തുകയും ചെയ്തു. അയാളുടെ ഇടത്തെ കാൽമുട്ടിലിരുന്ന് ഒരണ്ണാൻ ഏതോ കനി ഏകാഗ്രമായി കൊറിച്ചു. അയാളുടെ തോക്കിന്മേൽ പനന്തത്തകളും വർണ്ണക്കിളികളും തലകീഴായി തൂങ്ങിക്കിടന്നാടി.



താഴ്വരയിൽ നീല രത്നക്കല്ലുപോലെ ഒരു തടാകം തിളങ്ങിയിരുന്നു. പകൽ കാട്ടുതീപ്പടർപ്പുപോലെ ജ്വലിക്കയും നിലാവിൽ മങ്ങിയെരിയുകയും ചെയ്തിരുന്ന ഒന്ന്. നിഴലിൽ ഒരു ഭൂഗർഭരാജ്യം. സന്ദർശനമവസാനിപ്പിച്ച് അവർ ഇലകളുടെ അറയിലേക്കു പോയിക്കഴിഞ്ഞപ്പോൾ അയാൾ തന്റെ പരാജയം ശിരസ്സാ വഹിച്ച് കുമ്പിട്ട് തോളിൽ നിന്നു വാറഴിച്ചു തോക്കെടുത്തു നിലത്തുവെച്ചു. എന്നിട്ട് തടാകക്കരയിലെ പുൽപ്പുറത്തു തല കുനിച്ചിരുന്നു.


തടാകം ഒരു ഘടികാരമായി. അതിന്റെ തിളക്കത്തിൽ സൂര്യൻ സമയത്തെയും കൊണ്ട് നൃത്തം വെച്ചു. രാത്രിയിൽ ചന്ദ്രനവിടെ സമയം മറന്നുറങ്ങിക്കിടന്നു. കാലക്രമേണ അയാളുടെ തോക്കിനെ പുല്ലുകൾ മൂടി. അതിന്റെ തിളക്കം അസ്തമിച്ചു.



കാടിന്റെ ജാലകങ്ങളിൽ നിന്നു കാവൽക്കാർ എന്നേ പിരിഞ്ഞിരുന്നു. അവർക്കു മറ്റൊന്നും ചെയ്യാനുണ്ടായിരുന്നില്ല. ഇനി താഴ്വര. ആകാശവും കൊടുമുടികളും മേഞ്ഞു നടക്കുന്ന നിഴലുകളും കാറ്റും. രാത്രിയുടെ അഗാധ ശബ്ദങ്ങളും ചന്ദ്രന്റെ സ്വപ്നവും അലയുന്ന മാറ്റൊലികളും പുകമഞ്ഞിന്റെ തീർത്ഥാടനവും.

അവസാനം കാലമൊരു കാറ്റായി വന്ന് ‘അ’ എന്ന വേട്ടക്കാരനെ തൊട്ടു. തന്റെ സന്തോഷ വാർത്ത അറിയിച്ചു. അയാൾ തന്റെ ശരീരത്തെ മണ്ണിൽ നിന്നുയർത്തി. പാതിരാ നക്ഷത്രങ്ങളെപ്പോലെയെരിഞ്ഞ കണ്ണുകളിൽ തിളങ്ങുന്ന കണ്ണീർക്കണങ്ങളോടെ ആ തടാക നീലിമയിലേക്കു മുഴുകി ഇല്ലെന്നായി. ☐

ചിത്രങ്ങൾ: ജി. രജീഷ്



സക്കറിയ

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014